(ബി) ഇപ്പോൾ ഉണ്ടോ, ഉണ്ടെങ്കിൽ എത്ര ഏക്കർ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഇല്ല.

(ബി) ഇല്ല.

മിസ്റ്റർ സി. കെ. നായർ: ഇക്കൊല്ലം വാത്തുവിത ഉള്ള കാലമല്ലന്നല്ലേ 'ഇല്ല' എന്നതിൽനിന്നും മനസ്സിലാക്കേണ്ടതു".

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വാത്തുവിതക്ക വെള്ളം കൊടുക്കാറില്ലെന്നാണു പറഞ്ഞിട്ടുള്ളതു".

മിസ്റ്റർ സി. കെ. നായർ: വാത്തുവിത കൃഷി ഉണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇറിഗേഷൻ കനാലിലേക്ക വെള്ളം വിട്ടുകൊടുത്ത ആ വെള്ളംകൊണ്ടു" കൃഷിചെയ്യാൻ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ കൃഷി നടത്തിവരുന്നുള്ളു. അല്ലാതെ വാത്തുവിതക്ക വെള്ളം കൊടുത്തുവരുന്നില്ല.

മിസ്റ്റർ സി. കെ. നായർ: അവിടെ വാത്തുവിത നടത്തുന്നുണ്ടെന്നു ഗവമ്മെണ്ടിനറിയാമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഗവമ്മെണ്ടിനറിവില്ല.

മിസ്റ്റർ സി. കെ. നായർ: ഉണ്ടോ എന്നു" അനേഷിക്കാമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വാത്തുവിതക്ക വെള്ളം കൊടുക്കാറില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: വാത്തുവിതക്ക വെള്ളം കൊടുക്കാറില്ലെങ്കിലും കൂലം നിറച്ചു കൊടുക്കാറുണ്ടോ ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ: ഉണ്ടു".

മിസ്റ്റർ സി. കെ. നായർ: കൂലം നിറച്ചുകൊടുക്കുന്നതു കൃഷിയുടെ ആവശ്യത്തിനോ കൂലിക്കുവാൻവേണ്ടിയൊ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൃഷിയാവശ്യത്തിനാണു". പക്ഷെ വാത്തുവിതയുടെ ആവശ്യത്തിനായിട്ടു" വെള്ളം കൊടുക്കാറില്ല. കൂലം നിറച്ചു കൊടുക്കാറുണ്ടു".

മിസ്റ്റർ സി. കെ. നായർ: വാത്തുവിതയുടെ ആവശ്യത്തിനു അവർ വെള്ളം വാങ്ങാറില്ലേ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൊടുക്കാറുമില്ല, വാങ്ങാറുമില്ല.

മിസ്റ്റർ സി. കെ. നായർ: കൊടുക്കുന്നവെള്ളംകൊണ്ടു" ബ്രിട്ടീഷിലെ ഭൂമികളിലുള്ളനിലങ്ങളിൽ എവിടെയെങ്കിലും വാത്തുവിത നടത്തുന്നുണ്ടൊ എന്നു" ഗവമ്മെണ്ടു" അനേഷിച്ചിട്ടുണ്ടോ ? എപ്പോഴെങ്കിലും ഇതിനുമുമ്പു വാത്തുവിതക്ക വെള്ളം കൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വാത്തുവിതക്ക മുമ്പും വെള്ളം കൊടുത്തിട്ടില്ല. ഈ കാലങ്ങളിലും കൊടുക്കാറില്ല. കൂലങ്ങളിൽ നിറച്ചുകൊടുക്കുന്ന വെള്ളം കൃഷി ക്കുപയോഗിച്ചതിനുശേഷം ബാക്കിയുള്ള വെള്ളത്തിന്റെ ഉറവുകൊണ്ടു" വാത്തുവിത നടത്തുന്നുണ്ടൊ എന്നറിവില്ല.

മിസ്റ്റർ സി. കെ. നായർ: മറ്റുള്ള ആവശ്യങ്ങൾക്ക വെള്ളം കൊടുക്കാറുണ്ടല്ലൊ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൊടുക്കാറുണ്ടു".

21. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) ചിറ്റൂർ താലൂക്കിലെ അണകളിൽനിന്നു ബ്രിട്ടീഷിലെ കൃഷിക്ക വെള്ളം കൊടുക്കാറുണ്ടൊ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം അണകളിൽനിന്നു";

(സി) ഈ "വെള്ളം കൊടുക്കൽ" ആദ്യം തുടങ്ങിയതു" എപ്പോൾ;

(ഡി) എത്ര ഏക്കർ സ്ഥലത്തിന്നാണു" അന്നു വെള്ളം കൊടുത്തിരുന്നതു";

(ഇ) ഇവിടത്തെ വെള്ളംകൊണ്ടു" ഇന്നു" അവിടെ എത്ര ഏക്കർ സ്ഥലം നനക്കുന്നുണ്ടു";

(എഫ്) നിശ്ചയപ്രകാരമുള്ള വെള്ളം മാരോ പ്രാവശ്യവും കൊടുത്തുകഴിഞ്ഞുവൊ എന്നു നിർണ്ണയിക്കുവാനുള്ള മാനദണ്ഡമെന്തു";

LIBRARY ARCHIVES Kerala Legislative Assembly

(ജി) എത്ര ഏക്കർ ബ്രിട്ടീഷ് നിലങ്ങൾക്കാണ് വെള്ളം കൊടുക്കേണ്ടതെന്ന തീരുമാനിക്കുന്നതാരാണ്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഉവ്വ്.

(ബി) കുന്നംകോട്ടപതി, തേമ്പാറമടക്കു എന്നീ അണകളിൽനിന്നു.

(സി) ടി അണകൾ ഗവൺമെണ്ടിന്റെ കൈവശം വരുന്നതിന്റെ മുമ്പുതന്നെ അവയുടെ ഉടമസ്ഥന്മാർ ബ്രിട്ടീഷിലുള്ള നിലങ്ങളിലേക്കു വെള്ളം കൊടുത്തിരുന്നു.

(ഡി) ഉദ്ദേശം ൪൫൫ ഏക്കർ ഒരുപ്പൂവ് നിലങ്ങൾക്കും, ൨൯൯ ഏക്കർ ഇരുപ്പൂവ് നിലങ്ങൾക്കും അന്നത്തെ ഉടമസ്ഥന്മാർ വെള്ളം കൊടുത്തിരുന്നതായി അറിയുന്നു.

(ഇ) നമ്മുടെ അണക്കെട്ടിലെ വെള്ളം ബ്രിട്ടീഷിൽ ഉദ്ദേശം ൧,൨൯൨ ഏക്കർ സ്ഥലം നനക്കുന്നുണ്ട്.

(എഫ്) കൃഷിയുടെ സ്ഥിതി, ചാലിലുള്ള വെള്ളത്തിന്റെ അളവ് മുതലായ സംഗതികളെ പരിഗണിച്ചു യുക്തമെന്നു തോന്നുന്നത്ര വെള്ളം കൊടുക്കും.

(ജി) ചിറവൂർ ഇറിഗേഷനെ സംബന്ധിച്ചു മദ്രാസ്, കൊച്ചി ഗവൺമെണ്ടുകൾ നിശ്ചയിച്ചു ജോയിൻറ് കമ്മീഷനിൽ ഉൾപ്പെട്ടിട്ടുള്ളവയും നീർവാരം തരികയും ചെയ്യുന്ന നിലങ്ങൾക്കാണ് വെള്ളം കൊടുത്തുവരുന്നത്.

മിസ്റ്റർ സി. കെ. നായർ: ഈ അണക്കെട്ട് ഗവൺമെണ്ടിന്റെ കയ്യിൽ വരുന്നതിനുമുമ്പു് കൊടുത്തിരുന്നതിനെക്കാൾ ൪൦൦ ഏക്കർ സ്ഥലം അധികമായി ഇപ്പോൾ നനക്കുന്നുണ്ടെന്നു ഗവൺമെണ്ടിന്റെ മറുപടികൊണ്ടു കാണുന്നുണ്ട്. അതും ഉൾപ്പെടെതന്നെയാണോ നീർപ്പാരം പിരിക്കുന്നത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഗവൺമെണ്ടു വെള്ളംകൊടുക്കുന്ന നിലങ്ങൾക്കൊക്കെ നീർവാരം വാങ്ങുന്നുണ്ട്.

മിസ്റ്റർ സി. കെ. നായർ: കമ്മീഷനിൽ ഉൾപ്പെട്ടിട്ടുള്ള നിലങ്ങൾക്കു വെള്ളം കൊടുക്കുന്നുവെന്നു പറഞ്ഞിട്ടുണ്ട്. അതു് അന്നു് നിശ്ചയിച്ചിട്ടുള്ള നിലങ്ങൾക്കുമാത്രമാണു്. ഇപ്പോൾ കൂടുതലായി ൪൦൦ ഏക്കർ നിലങ്ങൾക്കുകൂടി വെള്ളം കൊടുത്തുവരുന്നുണ്ടു്. അതു കൊച്ചി ഗവൺമെണ്ടിന്റെ സമ്മതപ്രകാരമാണോ? അതു കരാറിൽ ഉൾപ്പെട്ടതല്ലല്ലോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കരാറപ്രകാരമാണു് ൧,൫൦൦ ഏക്കർ സ്ഥലത്തിന്നു വെള്ളം കൊടുത്തുവന്നിരുന്നതു്. കമ്മീഷന്റെ ആവശ്യപ്രകാരം ഇപ്പോൾ ൪൦൦ ഏക്കർ സ്ഥലത്തിനുകൂടി കൊടുത്തുവരുന്നുണ്ടു്.

മിസ്റ്റർ സി. കെ. നായർ: മുമ്പു് അങ്ങിനെ കൊടുത്തിട്ടില്ലാത്തതു് നമ്മുടെ ആവശ്യത്തിനു വെള്ളം മതിയാകയില്ലെന്നു കണ്ടിട്ടല്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അങ്ങിനെയൊന്നുമില്ല. കൂടുതൽ സ്ഥലങ്ങൾക്കു വെള്ളം കൊടുക്കുന്നില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: കൂടുതൽ സ്ഥലങ്ങളിൽ വെള്ളം കിട്ടണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വെള്ളം അവക്കു കൂടുതൽ കൊടുക്കുന്നതുകൊണ്ടു് നമ്മുടെ ആവശ്യത്തിനു പോരാതെവരുമോ? നമ്മുടെ ആവശ്യത്തിനുള്ളതുകഴിച്ചു ബാക്കിയുള്ളതാണോ അവക്കു കൊടുക്കുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇറിഗേഷൻ സിസ്റ്റപ്രകാരം നാം ഏറെ കഴിഞ്ഞിട്ടുള്ള നിലങ്ങൾക്കു വെള്ളം കൊടുക്കുവാനുള്ള ചുമതലയുണ്ടു്. അതിൽപെട്ടതാണു ബ്രിട്ടീഷിലെ ൫൫൦൦ ഏക്കർ നിലം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതുകൊണ്ടു നമ്മുടെ ആവശ്യത്തിനു വെള്ളം മതിയാകാതെ വരുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവരുടെ ആവശ്യംപോലെയുള്ള വെള്ളം കൊടുക്കുന്നതനുസരിച്ചു നമുക്കു മതിയാകാതെവരും.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: വെള്ളത്തിനു സ്ക്കെയേഴ്സിറ്റി വരുമ്പോൾ ബ്രിട്ടീഷു് പ്രദേശങ്ങളിലേക്കു വെള്ളം കൊടുക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൊച്ചി ഗവമ്മെണ്ടിന്റെ നിലങ്ങൾക്കു വെള്ളം കൊടുക്കുന്നമാതിരി ബ്രിട്ടീഷിലെ നിലങ്ങൾക്കും വെള്ളം കൊടുക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചില കാലങ്ങളിൽ വെള്ളമില്ലാതെ വരുമ്പോൾ, നമുക്കുകൂടി മതിയാകാതിരിക്കുമ്പോൾ കൊടുക്കണമെന്നുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കരാറപ്രകാരമുള്ള വെള്ളം കൊടുക്കുന്ന കാര്യത്തിൽ യാതൊരു വ്യത്യാസവും ചെയ്യുവാൻ പാടില്ല. ഇക്കൊല്ലം വെള്ളം കുറവുള്ള ഒരു കാലമാണു്. ഉള്ളവെള്ളംകൊണ്ടു എല്ലാദിക്കിലേക്കും കൊടുക്കും.

മിസ്റ്റർ എൻ. വി. സുബ്ബ്രായൻ ചെട്ടിയാർ: വെള്ളത്തിനു സ്ക്കേയ്സ്സിറ്റി വരുമ്പോൾ ടേംസ്സ് വെക്കാറില്ലേ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

22. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) കൃഷിയാവശ്യാർത്ഥം കൊച്ചിയിൽനിന്നു വിട്ടുകൊടുക്കുന്ന വെള്ളം ഉദ്ദിഷ്ടസ്ഥലത്തെത്താനാവശ്യമായ ചാലുകൾ ബ്രിട്ടീഷിൽ പ്രത്യേകമായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ വെള്ളം കൊണ്ടുപോകുന്നതു ഏതിലൂടെ ;

(സി) ഉണ്ടെങ്കിൽ ഈ ചാലുകളുടെ സംരക്ഷണാധികാരം ആരിൽ സ്ഥിതി ചെയ്യുന്നു ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഉണ്ടു്.

(ബി) ഉത്തരം ആവശ്യമില്ല.

(സി) പ്രധാന ചാലുകളുടെ സംരക്ഷണാധികാരം കൊച്ചി ഗവമ്മെണ്ടിലും, ഈ ചാലുകളിൽനിന്നും വെള്ളം നിലങ്ങളിലേക്കു കൊണ്ടുപോകുന്നതിനു ഉപചാലുകൾ ആവശ്യമുള്ളിടത്തു ആ വക ചാലുകളുടെ സംരക്ഷണാധികാരം ആത്തടെ നിലത്തേക്കു കൊണ്ടുപോകുന്നവരെ ആ നിലമുടമസ്ഥനിലും സ്ഥിതിചെയ്യുന്നു.

മിസ്റ്റർ സി. കെ. നായർ: മെയിൻ ലയിനിൽനന്നു് എത്ര കൃഷിക്കു ചാലില്ലാത്ത സ്ഥലങ്ങളിൽക്കൂടി വെള്ളം കൊണ്ടുപോകുന്നുണ്ടു്; അങ്ങിനെ വെള്ളം കൊണ്ടുപോകുന്ന ഏതെങ്കിലും ഒരു സ്ഥലമുണ്ടോ അവിടെ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ സി. കെ. നായർ: ആ കണ്ടങ്ങളെല്ലാം നിറഞ്ഞുവേണമല്ലോ മറവുള്ള നിലങ്ങളിലേക്കു വെള്ളംകൊണ്ടുപോകുവാൻ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ സി. കെ. നായർ: ഈ കണ്ടങ്ങൾ നിറച്ചുകൊടുക്കുന്നതിനു നീവ്വാരം വാങ്ങാറുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ചിലദിക്കുകളിൽ ഇങ്ങിനെയുള്ള ചില ബുദ്ധിമുട്ടുകളെല്ലാമുണ്ടു്. ആ ദിക്കുകളിലെല്ലാം ചാലുകൾ വെട്ടുവാനായിട്ടു് ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ സി. കെ. നായർ: അതു് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടു് എത്രകാലമായി ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കുറെക്കാലമായി.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഉപചാലുകളിൽക്കൂടി വെള്ളംകൊണ്ടുപോയി കൃഷി ചെയ്യുവരുന്നതു് കരാർപ്രകാരമുള്ള കൃഷികളാണോ ? അപ്പോൾ അതിന്റെ നീവ്വാരം കൂടി ഗവമ്മെണ്ടു വാങ്ങാത്തതിന്റെ കാരണമെന്താണു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വെള്ളം കൊടുത്തുകൊള്ളാമെന്ന ചുമതല ഏറ്റുകഴിഞ്ഞാൽ പിന്നെ അതു കൊടുക്കാതിരിപ്പാൻ സാദ്ധ്യമല്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: അതിനുള്ള നീവ്വാരം മര്യാദക്കു് അവരിൽനിന്നും വാങ്ങണം.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: ബ്രിട്ടീഷിലെ നിലങ്ങൾ തൊട്ടുതൊട്ടു കിടക്കുകയാണോ?

LIBRARY ARCHIVES Kerala Legislative Assembly